# 146-ാമത് മന്നംജയന്തി ആഘോഷം

നായർ സർവീസ് സൊസൈറ്റി ഹെഡ്ഡാഫീസ്
പെരുന്ന, ചങ്ങനാശ്ശേരി - 2
1.12.2022

മാന്യരേ,

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 146-ാമത് ജയന്തിആഘോഷം 2023 ജനുവരി 1, 2 തീയതികളിൽ പെരുന്ന മന്നംനഗറിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള പന്തലിൽവച്ച് നടക്കുന്നതാണെന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളട്ടെ. പതിവുപോലെ നടത്തിവരാറുള്ള ജയന്തിആഘോഷം കോവിഡ് മഹാമാരിമൂലം കഴിഞ്ഞ രണ്ടുവർഷങ്ങളായി നടത്താൻ കഴിഞ്ഞില്ല. പകരം പെരുന്നയിലും താലൂക്കുയൂണിയൻതലത്തിലും കരയോഗതലത്തിലും ജന്മദിനാചരണം ആയി നടത്തുകയാണ് ചെയ്തത്.

കർമ്മനിരതവും നിസ്വാർത്ഥവുമായ സേവനത്തിലൂടെ നായർസമുദായത്തെ സമുദ്ധരിക്കുകയും, മഹത്തായ നായർ സർവീസ് സൊസൈറ്റി പടുത്തുയർത്തി സമുദായത്തിനും രാജ്യത്തിനും വേണ്ടി സമർപ്പിക്കുകയും മാത്രമല്ല, പൊതുജീവിതത്തിൽ തന്റെ നിഷ്കാമകർമ്മംകൊണ്ട് സമുന്നതവും സമാരാദ്ധ്യവുമായ സ്ഥാനം കൈവരിച്ച് കേരളത്തിന്റെ ചരിത്രത്തിൽ സമസ്തമേഖലയിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത കർമ്മയോഗിയാണ് അഭിവന്ദ്യസമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ. നായർസമുദായത്തിന്റെയും സർവീസ് സൊസൈറ്റിയുടെയും പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളോടൊപ്പം, സാമൂഹിക അസമത്വങ്ങൾക്കെതിരെ പോരാടുകയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി ജീവിതാവസാനംവരെ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത ആ ധന്യമായ ജീവിതത്തെയും പ്രവർത്തനങ്ങളെയും ആദരപൂർവ്വം സ്മരിക്കാനുള്ള അവസരമാണ് ഓരോ മന്നംജയന്തിയും.

അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി നവീനസൗകര്യങ്ങളോടു കൂടി പുതുതായി പണികഴിപ്പിച്ച മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കൺവെൻഷൻ സെന്ററിന്റെയും അതിനോടനുബന്ധിച്ചുള്ള ഗസ്റ്റ് ഹൗസിന്റെയും ഉദ്ഘാടനം മന്നംജയന്തിസമ്മേളനത്തിൽവച്ച് ജനറൽ സെക്രട്ടറി നിർവഹിക്കുന്നതാണ്.

സർവീസ് സൊസൈറ്റിയുടെ അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെ, ആ മഹാത്മാവിന്റെ കാല്പാടുകളെ പിന്തുടരാൻ നമുക്ക് എന്നും കഴിയണം. ആയതിനാൽ അദ്ദേഹത്തിന്റെ ജയന്തി ആഘോഷപരിപാടികളിൽ താങ്കളുടെ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എൻ.എസ്.എസ്. ഡയറക്ടർ ബോർഡിനു വേണ്ടി,

വിശ്വസ്തൻ,

ജനറൽ സെക്രട്ടറി
(ജി. സുകുമാരൻനായർ)

## മന്നംജയന്തി ആഘോഷം – ഒന്നാംദിവസം 1.1.2023 ഞായർ

| | | |
|---|---|---|
| രാവിലെ | : | ഭക്തിഗാനാലാപം |
| 7.00 മുതൽ | : | മന്നംസമാധിയിൽ പുഷ്പാർച്ചന |
| 10.15 ന് | : | അഖിലകേരള നായർപ്രതിനിധിസമ്മേളനം |
| സ്വാഗതവും | : | **ശ്രീ. ജി. സുകുമാരൻനായർ** |
| വിശദീകരണവും | | (എൻ.എസ്.എസ്. ജനറൽ സെക്രട്ടറി) |
| അദ്ധ്യക്ഷൻ | : | **ഡോ. എം. ശശികുമാർ** |
| | | (എൻ.എസ്.എസ്. പ്രസിഡന്റ്) |
| പ്രമേയാവതരണം | : | |
| കൃതജ്ഞത | : | **ശ്രീ. പി.എൻ. സുരേഷ്** |
| | | (എൻ.എസ്.എസ്. കരയോഗം രജിസ്ട്രാർ) |

### കലാപരിപാടികൾ

| | | |
|---|---|---|
| 3.00 PM | : | **സംഗീതസദസ്സ്** |
| | | **പ്രണവം എം.കെ. ശങ്കരൻനമ്പൂതിരി** (വോക്കൽ) |
| | | വയലിൻ – ശ്രീ. എൻ. സമ്പത്ത് |
| | | മൃദംഗം – പ്രൊഫ. വൈക്കം വേണുഗോപാൽ |
| | | ഘടം – ശ്രീ. തിരുവനന്തപുരം രാജേഷ് |
| | | മുഖർശംഖ് – ശ്രീ. പയ്യന്നൂർ ഗോവിന്ദപ്രസാദ് |
| 6.00 PM | : | **ഭരതനാട്യം** |
| | | **ഡോ. രാജശ്രീ വാര്യരും സംഘവും** |
| 9.00 PM | : | **കഥകളി (മേജർ സെറ്റ്)** |
| കഥ | : | **1. നളചരിതം നാലാംദിവസം 2. ദക്ഷയാഗം** |
| നടന്മാർ | : | ശ്രീ. സദനം കൃഷ്ണൻകുട്ടി |
| | | ” കലാമണ്ഡലം രാജശേഖരൻ |
| | | ” കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ |
| | | ” കലാമണ്ഡലം ബാലസുബ്രഹ്മണ്യം |
| | | ” കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ |
| | | ” കലാമണ്ഡലം വിജയൻ |
| | | ” കലാമണ്ഡലം അനിൽകുമാർ |
| | | ” കലാമണ്ഡലം ഷണ്മുഖൻ |
| | | ” കലാനിലയം വിനോദ് |
| | | ” തിരുവല്ലാ സദാശിവൻ |
| | | ” കുറിച്ചി അനന്തകൃഷ്ണൻ തുടങ്ങിയവർ |
| പാട്ട് | : | ശ്രീ. പത്തിയൂർ ശങ്കരൻകുട്ടി |
| | | ” കോട്ടയ്ക്കൽ മധു തുടങ്ങിയവർ |
| ചെ | : | ശ്രീ. കലാമണ്ഡലം ഉണ്ണിക്കൃഷ്ണൻ |
| | | ” കുറൂർ വാസുദേവൻ നമ്പൂതിരി തുടങ്ങിയവർ |
| മദ്ദളം | : | ശ്രീ. കലാമണ്ഡലം അച്യുതവാര്യർ |
| | | ” കലാനിലയം മനോജ് തുടങ്ങിയവർ |
| കഥകളിയോഗം | : | **ശ്രീവല്ലഭവിലാസം കഥകളിയോഗം, തിരുവല്ലാ** |

# മന്നംജയന്തി ആഘോഷം - രണ്ടാംദിവസം

## 2.1.2023 തിങ്കൾ

| | | |
|---|---|---|
| രാവിലെ | : | ഭക്തിഗാനാലാപം |
| 7.00 മുതൽ | : | മന്നംസമാധിയിൽ പുഷ്പാർച്ചന |
| 8.00 ന് | : | **നാഗസ്വരക്കച്ചേരി** |
| നാഗസ്വരം | : | നാഗസ്വരവിദ്വാൻ<br>**ശ്രീ. വെട്ടിക്കവല കെ.എൻ.ശശികുമാർ** |
| സ്പെഷ്യൽ | : | ബീക്കാംപെട്ടി ബി.ആർ. വെങ്കിടേഷ് |
| തവിൽ | | അനു വേണുഗോപാൽ |
| 10.30 ന് | : | **വിശിഷ്ടാതിഥികൾക്ക് സ്വീകരണം** |
| 10.45 ന് | : | **മന്നംജയന്തി സമ്മേളനം** |
| സ്വാഗതം | : | **ശ്രീ. ജി. സുകുമാരൻനായർ**<br>(എൻ.എസ്.എസ്. ജനറൽ സെക്രട്ടറി) |
| ഉദ്ഘാടനം | : | **ഡോ. ശശി തരൂർ എം.പി.**<br>(മുൻ അണ്ടർ സെക്രട്ടറി ജനറൽ, ഐക്യരാഷ്ട്രസഭ) |
| അദ്ധ്യക്ഷൻ | : | **ഡോ. എം. ശശികുമാർ**<br>(എൻ.എസ്.എസ്. പ്രസിഡന്റ്) |
| അനുസ്മരണം | : | **ഡോ. അലക്സാണ്ടർ ജേക്കബ്**<br>(മുൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ്) |
| മന്നം മെമ്മോറിയൽ NSS കൺവൻഷൻ സെന്റർ ഉദ്ഘാടനം | : | **ശ്രീ. ജി. സുകുമാരൻനായർ**<br>(എൻ.എസ്.എസ്. ജനറൽ സെക്രട്ടറി) |
| കൃതജ്ഞത | : | **അഡ്വ. എൻ.വി. അയ്യപ്പൻപിള്ള**<br>(എൻ.എസ്.എസ്. ട്രഷറർ) |